## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1370

04.02.2019 ൽ
മറുപടിയ്ക്ക്

## ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.കെ.രാജൻ<br>ശ്രീമതി.സി.കെ.ആശ | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ലാന്റ് ട്രൈബ്യൂണൽ ജീവനക്കാർ അടിക്കടി സ്ഥലം മാറി പോകുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ കാലാവധി തുടർന്നും നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ 500-ൽ താഴെയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ മുതലുള്ള വടക്കൻ ജില്ലകളിൽ 10000-20000 കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. ഈ ജില്ലകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേസുകൾ തീരെ കുറവായ 6 ജില്ലകളിലെ |

| | |
|---|---|
| | ട്രൈബ്യൂണലുകളെ കേസുകൾ വളരെ കൂടുതലുള്ള ജില്ലകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. കേസുകൾ കുറവായ ജില്ലകളിൽ ശേഷിക്കുന്ന കേസുകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ പരിഗണിക്കാനുമായി പ്രസ്തുത ജില്ലകളിൽ എല്ലാ താലൂക്കുകൾ കേന്ദ്രീകരിച്ചും തഹസിൽദാർമാരെ ലാന്റ് ട്രൈബ്യൂണലായി നിയമിച്ച് അധിക ചുമതല നൽകിയിട്ടുണ്ട്. |
| (ബി) ജന്മിമാർ ഹാജരാകാത്തത് കാരണം കേസ്സുകളുടെ ഹിയറിംഗ് തുടർച്ചയായി നീട്ടിവയ്ക്കുന്ന പ്രവണത ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) ലാന്റ് ട്രിബ്യൂണലിലുള്ള പട്ടയത്തിനായുള്ള കേസുകളിൽ ബഹുഭൂരിപക്ഷത്തിലും ജന്മിമാർ ഹാജരാകാറില്ല. എന്നാൽ ജന്മിമാർക്ക് നോട്ടീസ് നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ജന്മിമാർക്ക് യഥാക്രമമുള്ള നോട്ടീസുകൾ നടത്തിയില്ലെങ്കിൽ ഭാവിയിൽ ഒരു പക്ഷേ ആ കാരണം കൊണ്ട് ക്രയ സർട്ടിഫിക്കറ്റ് (പട്ടയം) ചലഞ്ച് ചെയ്യാനുള്ള ഗ്രൗണ്ട് ഉണ്ടാകും. ഈ സാഹചര്യങ്ങൾ പരിഗണിച്ച് ഫോറം 'ഡി' യിൽ പൊതു സ്ഥലങ്ങളിൽ പബ്ലിക് നോട്ടീസ് പതിപ്പിച്ചതിന് ശേഷം ജന്മിമാർ വരുന്നത് വരെ കാത്തിരിക്കാതെ അവരുടെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യണമെന്ന് ലാന്റ് ബോർഡ് മുഖാന്തിരം ലാന്റ് ട്രിബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ലാന്റ് ട്രൈബ്യൂണലുകളിലെ കേസ്സുകൾ സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാന്റ് ട്രൈബ്യൂണലിലേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള റിപ്പോർട്ടിംഗ് ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ലാന്റ് ട്രൈബ്യൂണൽ പട്ടയ കേസുകളിൽ സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (ഡി) പഴയകൊച്ചി പ്രദേശത്തെ കാണം കുടിയാൻമാർക്ക് കൈവശ ഭൂമിയിൻമേൽ എല്ലാ അവകാശങ്ങളും (absolute right) നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) 1976 ലെ കാണം കുടിയായ്മ നിർത്താലാക്കൽ നിയമം ബാധകമായ പഴയ കൊച്ചിൻ പ്രദേശത്ത് ഉൾപ്പട്ട് വരുന്ന ഇന്നത്തെ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലയിലെ ചില താലൂക്കുകൾ എന്നിവിടങ്ങളിൽ കാണം കുടിയാന്മാർക്ക് അവരുടെ ഭൂമിയിൽ Full Proprietary right ഉണ്ടെന്നും അവർക്ക് ലാന്റ് ട്രൈബ്യൂണലിൽ നിന്ന് പ്രത്യേക പട്ടയം ആവശ്യമില്ലെന്നും ഉള്ള സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർ കാണം തുക അടച്ചാലുടൻ മറ്റ് സങ്കീർണ്ണമായ നടപടിക്രമമില്ലാതെ താലൂക്ക് തഹസിൽദാർമാർ 'സർട്ടിഫിക്കറ്റ്' എഴുതി നൽകുന്നുണ്ട്. ഇതിലൂടെ മേൽപറഞ്ഞ പ്രദേശങ്ങളിലെ കാണം കുടിയാന്മാരുടെ പ്രശ്നങ്ങൾ ഏറെക്കുറെ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്. |
| (ഇ) ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനത്തിന് വിധേയമാക്കാറുണ്ടോ; വ്യക്തമാക്കുമോ? | (ഇ) ലാന്റ് ട്രൈബ്യൂണലുകളിലെ കേസ് തീർപ്പാക്കലിന്റെ പുരോഗതി വിവരം എല്ലാ മാസവും അവലോകനം നടത്തി വരുന്നുണ്ട്. വീഡിയോ കോൺഫറൻസ് വഴിയും ഈ അവലോകനം ലാന്റ് ബോർഡ് മെമ്പർ (കമ്മീഷണർ, ലാന്റ് റവന്യൂ), ലാന്റ് ബോർഡ് സെക്രട്ടറി എന്നിവർ നടത്തിവരുന്നുണ്ട്. കൂടാതെ റവന്യൂ വകുപ്പ് സെക്രട്ടറി തലത്തിലും റവന്യൂ മന്ത്രി തലത്തിലും അവലോകനം നടത്തിവരുന്നു. |

Nizam

സെക്ഷൻ ഓഫീസർ